## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 577

09.02.2016-ൽ
മറുപടിയ്ക്ക്

## പാലക്കാട് മെഗാഫുഡ് പാർക്ക്

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കിൻഫ്രയുടെ കീഴിൽ പാലക്കാട് മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; | എ) | പാലക്കാട് മെഗാ ഫുഡ് പാർക്കിന് കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ അന്തിമ അനുമതി 27.11.2015 - ൽ ലഭിച്ചു. പദ്ധതിയുടെ പ്രാരംഭഘട്ട നിർമ്മാണ പ്രവർത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ചുറ്റമതിൽ നിർമ്മാണം അരംഭിച്ചു. മറ്റു അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ വിളിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കും; | ബി) | മെഗാഫുഡ് പാർക്കിന്റെ പ്രവർത്തനം 2018 ഫെബ്രുവരിയിൽ പൂർത്തീകരിക്കാനാണ് കിൻഫ്ര ലക്ഷ്യമിടുന്നത്. |
| സി) | ഈ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി എത്ര തുകയാണ് ഈ വർഷം നൽകിയത്; | സി) | സംസ്ഥാന സർക്കാർ 2015-16 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 2 കോടി രൂപ നൽകിയിട്ടുണ്ട്. |
| ഡി) | ഈ തുക ഫുഡ് പാർക്ക് തുടങ്ങുന്നതിനുള്ള പ്രവർത്തനപുരോഗതി കൈവരിക്കുന്നതിന് മതിയാകുമോ; | ഡി) | 2 കോടി രൂപ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് മാത്രമെ വിനിയോഗിക്കാൻ സാധിക്കുകയുള്ളു. |

| | | | |
|---|---|---|---|
| ഇ) | പാർക്കിന്റെ നിർമ്മാണപ്രവർത്തി ഈ സർക്കാരിന്റെ കാലയളവിൽ ഏതുഘട്ടം വരെ പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | ഇ) | പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം ധ്രുതഗതിയിൽ നടന്നുവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഈ കാലയളവിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ